**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 287** **02-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കലാലയങ്ങളുടെ പ്രവർത്തന സമയക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നവവൈജ്ഞാനിക സമൂഹത്തിന്റെ നിർമ്മിതിയുടെ ദിശാസൂചകം എന്ന നിലയിൽ സംസ്ഥാനത്തെ കലാലയങ്ങളുടെ പ്രവർത്തന സമയം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്രപരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ കലാലയങ്ങളിൽ flexible timings നടപ്പിലാക്കുന്നത് സംബന്ധിച്ച ശിപാർശയും ഉണ്ട്. പ്രസ്തുത കമ്മീഷനുൾപ്പെടെ മൂന്നു കമ്മീഷനുകളുടെ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവ്വഹണ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ദേശീയ നിലവാരത്തിലുള്ള സ്ഥാപനങ്ങളിലെ അനുകരണീയമായ മാതൃകകൾ സംസ്ഥാനത്തെ കലാലയങ്ങളിലും നടപ്പിലാക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ഇതുവഴി സംസ്ഥാനത്തെ കലാലയങ്ങളിലെ പൊതു അക്കാദമിക നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കും. ഗവേഷണ പഠനങ്ങൾക്ക് കൂടുതൽ സമയം ലഭ്യമാക്കുക വഴി ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്താനാവുമെന്ന് കരുതുന്നു. |
| (ബി) | സംസ്ഥാനത്തെ കലാലയങ്ങളിൽ ഐ.ഐ.ടി.കൾക്കും, എൻ.ഐ.ടി.കൾക്കും സമാനമായ സമയക്രമം പ്രാവർത്തികമാക്കുന്നതിലൂടെ ഉണ്ടാകാവുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | (എ)യിൽ നൽകിയിട്ടുണ്ട് . |
| (സി) | വൈജ്ഞാനിക സമൂഹ നിർമ്മിതിയുമായി ബന്ധപ്പെട്ട് ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപ്പാക്കുന്ന | (സി) | ഗവേഷണ പഠനം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ആരംഭിച്ച പദ്ധതിയാണ് PLEASE (Performance Linked Encouragement for Academic Studies |

| | | | |
|---|---|---|---|
| | പ്ലീസ് പദ്ധതി സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | | and Excellence). പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ സർവകലാശാലകളിലും വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം സർക്കാർ വനിതാ കോളേജ്, കാസറഗോഡ് സർക്കാർ കോളേജ് എന്നിവിടങ്ങളിലും ലാബ് സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും ഗവേഷണത്തിനുമായി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിക്കായി 2022-23 സാമ്പത്തിക വർഷം 5 കോടി രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. ലാബ് ഉപകരണങ്ങൾ വിദേശരാജ്യങ്ങളിൽ നിന്നും വാങ്ങുന്നതിനുള്ള ക്രമീകരണം സർക്കാർ വനിതാ കോളേജിൽ ചെയ്തുവരുന്നു. രണ്ടു വർഷമാണ് പ്രോജക്ട് കാലാവധി. |

സെക്ഷൻ ഓഫീസർ